



# Kite Zine

## Digital Magazine Prepared by Little Kites Members of St Aloysius H. S Manalumkal

**LK2018/33026**





# *Kite Zine*


## സന്ദേശം

“ശ്രമത്തിലാണ് ഫലപ്രാപ്തിയിലല്ല സംതൃപ്തി ഉളവാകുന്നത്. സമ്പൂർണ ശ്രമം സമ്പൂർണ വിജയമാകുന്നു”എന്ന മഹാത്മാഗാന്ധിയുടെ വാക്കുകൾപോലെ കുട്ടികളുടെ ഈ പരിശ്രമം പൂർണ വിജയമായി തീരട്ടെ,ഭാവനകൾ അക്ഷരങ്ങളാകുമ്പോൾ, ക്ഷയിക്കാതെ ഉളവാകുന്ന ഈ അക്ഷരക്കൂട്ടങ്ങൾക്ക്, സമ്പൂർണ വിജയമാക്കാൻ കഴിയട്ടെ എന്നാശംസിക്കുന്നു.

മാനേജർ

റവ. ഫാ. ജേക്കബ് പൊട്ടക്കുളം






# *Kite Zine*

## സന്ദേശം

സർഗ്ഗാത്മക സൃഷ്ടികൾ മനുഷ്യരാശിയുടെ ആത്മീയഭക്ഷണമാണെന്ന് വിശ്വപ്രസിദ്ധനായ സാഹിത്യകാര ൻ ടോൾസ്റ്റോയി പറഞ്ഞിരിക്കുന്നു. മനുഷ്യനന്മയുടെ സുവിശേഷമായി മാറാൻ കുട്ടികളുടെ ഈ സാഹിത്യസൃഷ്ടികൾക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

ഹെഡ്മാസ്റ്റർ
ശ്രീ. ജോയ്സൺ ജോസ്




*Kite Zine*

# കവിത

## ഗ്രാമവസന്തം

മുക്കുറ്റിപ്പൂവെത്ര വിരിഞ്ഞൂ
താഴേക്കണ്ടത്തിൽ
ചെത്തിപ്പൂവുകൾ വാരിവിതച്ചൂ
കാടും പുരയിടവും
ചിരിച്ചു നിന്നൂ തുമ്പപ്പൂവുകൾ
തൊടികളിലെമ്പാടും
കുരുന്നു പുല്ലുകൾ പോലും പൂവുക
ളെടുത്തു ചൂടുന്നു
കദളിച്ചെടിയുടെ കൈകളിലുണ്ടൊരു
കുന്നാരം പൂക്കൾ
മുല്ലച്ചെടിയുടെ മുടിയിലുമുണ്ടൊരു
മുന്നാഴിപ്പൂക്കൾ
പൂവുകളെല്ലാം പറയുകയായി
ഓണം വരവായി
വീണ്ടും നാടിൻ പടിവാതിൽക്കലൊ
ഓണം വരവായി........

**കാർത്തിക എസ്**




***Kite Zine***

## സൗഹൃദം

കാലം സൗഹൃദങ്ങളെ പുസ്തകത്താളുകളിൽ ഒതുക്കിനിർത്തുേമ്പോൾ പാതിവഴിയിൽവച്ച് പിരിയേണ്ടിവന്ന സുഹൃത്തുക്കൾനമ്മൾ.കാലമായിപിരിയുവാനെന്നുമനസ്സിൽ ഘടികാരംചലിച്ചുതുടങ്ങുന്നു..പറക്കമുറ്റാത്തകിളികൾഅമ്മതൻചിറകിൽ കീഴിൽനിന്ന് പറന്നുയേുമ്പോൾ ഈ കിളിക്കൂട്ടിൽ നിന്നു നാം യാത്രയാകുന്നു. അനന്തമാംവിണ്ണിലേക്ക്ചിറകിൻ തൂവൽകിളിർക്കുംവരെഎനിക്കുറ്റുംപറന്നുകളിച്ചഎന്നോടൊപ്പം കളിച്ചുചിരിച്ചഎൻബാല്യകാലസുഹൃത്തേ സഹോദരീ നിനക്കായ്ഞാൻഎന്താണ്നൽകുക?.കണ്ണീരുകൊണ്ടൊരു മുത്തമോ, സ്നേഹത്തിൽ പൊതിഞ്ഞ വാക്കുകളോ. തോഴി അറിയില്ല. ദുഃഖങ്ങൾ പകരാൻ യാത്രയിൽ ഒരു നിഴലായ് വേദനകളിൽ ആശ്വാസമായി ഒരിക്കലും പിരിയാത്ത ബന്ധത്തിന് ആരോ നൽകിയ പേര് 'സൗഹൃദം.'..........

**അനന്തു എ. എസ്**







## നാടൻപാട്ട്

### നോക്കുകുത്തി

തെയ്യന്താരോ തെയ്യന്താരോ
പാടവരമ്പേ തെയ്യന്തോാ (2)
മൈനകൾ പാടണ നേരത്ത്
സൂര്യൻ ചിരിക്കണ നേരത്ത്
പാറി വരുന്നൊരു കാറ്റത്ത്
ഞാറു നടുന്നൊരു നേരത്ത് (തെയ്യന്താരോ)
പച്ചവിരിച്ചൊരു പാടത്ത്
വെള്ളം തേവുന്നൊരു നേരത്ത്
പാട്ടൊന്നു പാടണ നേരത്ത്
മാനം തെളിയണ നേരത്ത് (തെയ്യന്താരോ)
കതിരു തിളങ്ങണ കാലത്ത്
തമ്പുരാനെത്തണ നേരത്ത്
കോയ്ത്തു ജയിക്കണ നേരത്ത്
കറ്റ മെതിക്കണ നേരത്ത് (തെയ്യന്താരോ)
ചോടുകൾ വയ്ക്കണ നേരത്ത്
പാട്ടേറ്റു പാടണ നേരത്ത്
തെങ്ങോലത്തുമ്പിലായ്
കാറ്റിൻ ചിറകിലായ്
ആലോലമാടും കിളിവീട് (തെയ്യന്താരോ)
പാട്ടങ്ങു പാടാനൊരുങ്ങുന്നു
മേളമെല്ലാം മുറുകുന്നു
അമ്പിളിമാമനുമെത്തിയല്ലോ
എന്നിട്ടും കൂസാതെ പാടവരമ്പേ
നിൽപാണ് പൊട്ടനാം നോക്കുകുത്തി (തെയ്യന്താരോ)

**ക്രിസ്റ്റീന ബെന്നി**




*Kite Zine*

## മിന്നുമോളുംപൂമ്പാറ്റയും

പൂന്തോട്ടത്തിൽകളിക്കുകയായിരുന്നുമിന്നുമോൾ.അപ്പോഴാണ് പൂന്തോട്ടത്തിൽ ധാരാളം പൂക്കൾ വിരിഞ്ഞുനിൽക്കുന്നത് അവൾ കണ്ടത്. ഹായ് പൂക്കളെല്ലാംപറിച്ച് ചോറും കറിയും ഉണ്ടാക്കി കളിക്കാം. അവൾക്കു തോന്നി.അവൾ പൂവ്പറിക്കാൻ ചെന്നതും അതാആരോ അവളെ വിളിക്കുന്നു. അവൾ തിരിഞ്ഞു നോക്കി,ഒരു മഞ്ഞപ്പൂമ്പാറ്റ!
മിന്നുമോളേപൂക്കളെല്ലാം ഇങ്ങനെ പറിച്ചു കളഞ്ഞാൽ ഞങ്ങളെല്ലാം പട്ടിണിയാവില്ലേ. പൂമ്പാറ്റ ഇങ്ങനെ പറഞ്ഞു. വൈകിട്ട് നോക്കുമ്പോൾ പൂന്തോട്ടം നിറയെ അതാ പൂമ്പാറ്റകൾ. 'ഹായ് എന്തു ഭംഗി' ആ കാഴ്ച കാണാൻ കൂട്ടുകാരും ആഗ്രഹിച്ചു.................

**നിഥിൻ ഷാജി**






## *Kite Zine*

### വിജ്ഞാനദീപം

ആദ്യക്ഷരംവിരൽതുമ്പിലേക്ക് എത്തിച്ചുതന്ന വിദ്യാലയംനമുക്ക്എപ്പോഴുംപ്രിയപ്പെട്ടതാണ്അമ്മയെന്ന പോലെയാണ്വിദ്യാലയംഗുരുക്കന്മാരുംനല്ലവിദ്യാഭ്യാസ ത്തോടൊപ്പം ഒരു സ്കൂൾ പഠനകാലം എപ്പോഴും നമുക്ക് നൽകുന്നതും നൽകേണ്ടതും ആർജ്ജിക്കേണ്ടതും നല്ല സംസ്കാരമുള്ള ഒരു വ്യക്തിത്വമാണ്. സ്നേഹവും സാമീപ്യവുംകൊണ്ട്കുട്ടികളുടെഉള്ളിലെആശങ്കകളെയും ആകുലതകളെയുംചെറുപുഞ്ചിരിയിൽമായ്ച്ചുകളയുന്നഒ രുപറ്റംഅദ്ധ്യാപകർനമ്മുടെഓരോത്തരുടെയുംവിദ്യാലയ ത്തിൽഇപ്പോഴുംസേവനംഅനുഷ്ഠിക്കുന്നുണ്ട.ഗുരുഎന്നാൽഇ രുളകറ്റുന്നവൻ. ഓരോവിദ്യാർത്ഥിയുടെയും ഉള്ളിലെ അജ്ഞതയാകുന്നഇരുളിനെവിദ്യയാകുന്നദീപംതെളിച്ച്ദീപ്തി ചൊരിയുന്നവനാണ് ഗുരു.

തല്ലും തലോടലും നൽകി വിദ്യാർത്ഥികളിൽ നല്ലവ്യക്തിത്വംവാർത്തെടുക്കുന്നതിൽമാതാപിതാക്കൾ ക്ക് തുല്യമായ ചുമതല വഹിക്കുന്നവരാണ് അധ്യാപകർ.






# *Kite Zine*

വിദ്യാർത്ഥിയെന്നാൽവിദ്യയെഅന്വേഷിക്കുന്നവൻ, ഗുരുക്കന്മാർ നൽകുന്ന വിദ്യയെ ആർജ്ജിച്ചെടുക്കാൻ ഉത്സാഹംകാണിക്കുന്നവനാകണംവിദ്യാർത്ഥി..അനുസരണ യും അച്ചടക്കവും ഒരു വിദ്യാർത്ഥിയുടെ ഏറ്റവും വലിയ മൂല്യമാണ്. ഇതു ലഭിക്കേണ്ടതും അഭ്യസിക്കേണ്ടതും വിദ്യാലയത്തിലാണ്.

ഒരു വിദ്യാലയത്തിൽ നിന്ന് വിദ്യ അഭ്യസിച്ച് പുറത്തിറങ്ങുന്ന വിദ്യാർത്ഥി ഒരു കുടുംബത്തിന്റേയും ദേശത്തിന്റേയും ഭാവിവാഗ്ദാനമാണ്.'സൗഹൃദമെന്നാൽ സൗഹൃദത്തോളം വിലമതിക്കുന്ന അമൂല്യമായ ഒരു വ്യക്തിബന്ധമാണ്.ജീവിതത്തിൽ അവസാനത്തോളം ഒപ്പമുണ്ടാകുന്നതും എല്ലാ പ്രതിസന്ധിഘട്ടങ്ങളിലും കൂടെ നിൽക്കുന്നതും രക്തബന്ധങ്ങളേക്കാൾ സൗഹൃദങ്ങളാണ്. ആത്മാർത്ഥമായസൗഹൃദങ്ങൾഒരിക്കലുംപരാജയപ്പെടുകയു മില്ല. ഓരോ സൗഹൃദങ്ങളും ആരംഭിക്കുന്നത് ഒരു വിദ്യാലയത്തിന്റെമതിൽക്കെട്ടിനുള്ളിലാണ്. ,അനേകമായിരം പാഠങ്ങളും സൗഹൃദങ്ങളും തന്നവിദ്യാലയമേ...... വന്ദനം..............

**റ്റിസ മറിയം**





***Kite Zine***


# അയാൾ

വീതികുറഞ്ഞ കറുത്ത റോഡിലൂടെ ബസ് കിതച്ചും ആർത്തിരമ്പിയും പാഞ്ഞുവരുന്നു.
മരങ്ങളുംവീടുകളും ധൃതിയിൽ എവിടേക്കോ പോകുന്നതുപോലെ അയാൾക്ക് തോന്നി.
നേരം വെളുക്കുന്നതേയുള്ളു.
അയാൾ പതുക്കെ സീറ്റിൽനിന്ന് എഴുന്നേറ്റു.
ഇറങ്ങാനുള്ള സ്റ്റോപ്പ് അടുത്തടുത്ത് വരുന്നു.



വാതുക്കൽ നിൽക്കുന്ന അയാളുടെ അടുത്തുപോയി
"ആളെറങ്ങാനുണ്ട്"
എന്നു വിളിച്ചുപറഞ്ഞു. പെട്ടെന്ന് ബെല്ലടിമുഴങ്ങി. ബസ് നിരങ്ങിനിന്നു.
അയാൾ സാവധാനം ബസിൽനിന്ന് ഇറങ്ങി.
പിന്നിൽനിന്ന് വീണ്ടും
ബെല്ലടിച്ചു.
ബസ് ഒട്ടും താമസിക്കാതെ അടുത്ത ലക്ഷ്യത്തിലേക്ക് കുതിച്ചു.

എത്ര നാളുകളായി താൻ ജനിച്ചുവളർന്ന നാട് കണ്ടിട്ട്. വർഷങ്ങൾക്കു മുമ്പ് നാടുവിട്ടതാണ്. ഇതാ വർഷങ്ങൾക്കുശേഷം തിരിച്ചെത്തിയിരിക്കുന്നു.
അയാൾ അവിടെ നിന്നുകൊണ്ട് അവിടമാകെ വീക്ഷിച്ചു. മുമ്പ്ഇവിടെ വെയ്റ്റിംഗ് ഷെഡ് ഇല്ലായിരുന്നു. ഇപ്പോൾ അത് ഉയർത്തിയിരിക്കുന്നു.മുമ്പുണ്ടായിരുന്ന ഗോപാലേട്ടന്റെ പെട്ടിക്കട അവിടെത്തന്നെ ഉണ്ട്.
എതിരെനിന്ന് വിറകു കൊണ്ടുവരുന്ന സ്ത്രീ അയാളെ അത്ഭുതത്തോടെ ഒന്നുനോക്കി.



# *Kite Zine*

അത് ദേവതിയമ്മയാണെന്ന് അയാൾക്ക് മനസ്സിലായി. വർഷങ്ങൾക്കുശേഷം കണ്ടതിലുള്ള അത്ഭുതമാകാം എന്ന് അയാൾ ചിന്തിച്ചു. കുറച്ചുദൂരം ചെന്നപ്പോൾ വലത്തേ അരികിലുള്ള പാടവരമ്പത്തേക്ക്
ഇറങ്ങി. വരമ്പത്ത് ചെളിയും അഴുക്കും
ഇല്ലായിരുന്നെങ്കിലും അയാൾ മുണ്ടിന്റെ അറ്റം കൈയിൽ എടുത്തുപിടിച്ചു.


പാടത്തിന് അപ്പുറത്ത് മഞ്ഞ് പരന്നുകിടക്കുന്നു. അടുത്തേക്ക് ചെല്ലുന്തോറും തന്റെവീടിന്റെ ഒരു ഭാഗം തെളിഞ്ഞുകാണുന്നു. പടവുകൾ കയറുന്തോറും അയാളിൽ എന്തെന്നില്ലാതെ സന്തോഷം ഒരു മഴപോലെ പെയ്തിറങ്ങി. കടം കയറിമുടിഞ്ഞപ്പോൾ, ഒരു ജോലിക്കായി നാടുവിടാൻ തീരുമാനിച്ചപ്പോൾ,താൻ ഓർത്തിരുന്നില്ല തന്റെ ഭാര്യയും കുഞ്ഞും വൃദ്ധരായ അച്ഛനും അമ്മയും ഒറ്റയ്ക്കാണെന്ന്. പക്ഷേ ഇന്ന് അയാൾ അതിന് വേദിക്കുന്നു.

അവസാനപടവും കയറി മുറ്റത്തെത്തി. മതിലെല്ലാം കാടുകയറിയിരിക്കുന്നു.പുൽനാമ്പുകൾ മുറ്റത്താകെ വളർന്നിട്ടുണ്ട്.

വീടും പരിസരവും നിശ്ചലമായി കിടക്കുന്നു. അയാളുടെ മനസ്സിൽ ഒരു ഭയം മുളപൊട്ടി. നേരത്തെ അനുഭവപ്പെട്ട സന്തോഷം പേടിയായിമാറുന്നു. അയാൾ പതുക്കെ വീടിന്റെ മൂന്നു പടവുകൾ കയറി തിണ്ണയിൽ പ്രവേശിച്ചു. എന്നിട്ട് അയാൾ തന്റെ ഭാര്യയുടെ പേര് ഉറക്കെ വിളിച്ചു.

'രാധേ, രാധേ...'

അയാളുടെ ശബ്ദം ഇടറി. ആ വിളികേട്ട് അപ്പുറത്തെ വീട്ടിലെ ആലീസ് കയറിച്ചെന്നു.



# Kite Zine

ആലീസ് വിശ്വസിക്കാനാകാതെ ചോദിച്ചു,
'ങാ പണ്ടു നാടുവിട്ടുപോ യ'
'ങാ.. അതെ.'
ആലീസ് പൂരിപ്പിക്കുന്നതിനു മുമ്പ് അയാൾ മറുപടി നൽകി. എന്നിട്ട് വിക്കിവിക്കി ചോദിച്ചു.
'രാധ.. രാധയും കുഞ്ഞും എവിടെ? ഇതെന്താ എന്റെ വീട് ഇങ്ങനെ അനാഥമായ് കിടക്കുന്നത്?
അതറിയണമെങ്കിൽ നിങ്ങൾ നാടുവിട്ടു പോയതുമുതൽ ഞാൻ പറയണം,ആലീസ് പറഞ്ഞു.
'എന്തോ... എനിക്കൊന്നും മനസ്സിലാകുന്നില്ല'
നിങ്ങൾക്ക് ഒന്നും മനസ്സിലാകില്ല, നിങ്ങൾ സത്യത്തിൽ മനുഷ്യനല്ല, മൃഗമാണ്. മൃഗം.' ആലീസ് കോപം കൊണ്ടു വിറച്ചു.
ആലീസ് ഇങ്ങനെ ദേഷ്യപ്പെടാതെ. പറയ്. എനിക്ക് അവർ എവിടെ എന്നറിയണം.

ആലീസ് പറയാൻതുടങ്ങി. അച്ഛൻ മരിച്ചിട്ട് ഇപ്പോൾ 8

വർഷമായി.അമ്മ മരിച്ചിട്ട് 3 വർഷവും. അതുകഴിഞ്ഞ് ആരും തുണയില്ലാതെ വന്നപ്പോൾ രാധ കൂലിപ്പിണി ചെയ്ത് കുടുംബം പുലർത്തി. എന്നോട് രാധ പറയുമായിരുന്നു, ഭയങ്കര ക്ഷീണമാണെന്ന്. ഇടയ്ക്ക് തലചുറ്റലുണ്ടായിരുന്നു. ഞങ്ങൾ ഡോക്ടറുടെ അടുത്തു കൊണ്ടുപോയി കാണിച്ചു. വിദഗ്ദ്ചികിത്സയിലൂടെ അവൾക്ക് തലയിൽ കാൻസറാണെന്ന് ഡോക്ടർമാർ വിധിയെഴുതി. ആയിടയ്ക്കാണ് ബാങ്കിൽനിന്ന് ജപ്തിചെയ്യാൻ ആളുകൾ വന്നത്. വീട് ജപ്തിയായി.



# ***Kite Zine***

അവളുടെ രോഗം വഷളായി ആശുപത്രിയിൽ പ്രവേശിപ്പിച്ചു. രോഗക്കിടക്കയിൽ രാധ എന്നോടു പറഞ്ഞു. മകനെ സുരക്ഷിതമായി ഏതെങ്കിലും ട്രസ്റ്റിലേൽപിക്കണമെന്ന്.


അയാൾക്ക് താങ്ങുന്നതിലും അപ്പുറമായിരുന്നു അത്.
അയാൾ പൊട്ടിക്കരഞ്ഞു.
ഇനി കരഞ്ഞിട്ട് കാര്യമില്ല.

അയാൾ ആലീസിനെ നോക്കി.
ആലീസ് പറഞ്ഞു,
'ഇവിടെ അടുത്ത് തന്നെയാ. നമ്മുടെ മുക്കടവിലെ ട്രസ്റ്റില്. ഒരു പക്ഷെ അവന് അച്ഛനെ കാണുമ്പോൾ സന്തോഷം ആയിരിക്കും.

അയാൾ വെയ്റ്റിംഗ്ഷെഡിലേക്ക് തിരിച്ചു. അയാൾ വെയ്റ്റിംഗ് ഷെഡിൽനിന്ന് ഇറങ്ങി ബസ്സിന് കൈനീട്ടി. ബസ്സ് നിരങ്ങിനിന്നു. അയാൾ ബസ്സിൽ കയറി.ബസ്സ് പിന്നെയും ഓടാൻതുടങ്ങി. അയാൾ തന്റെ കുഞ്ഞിനെ സ്വപ്നം കണ്ടുകൊണ്ട് സീറ്റിലേക്ക് തല ചായിച്ചുവെച്ചു..........

**സൂര്യകല എസ്**






***Kite Zine***

# പച്ചക്കറികൾ

പലവിധമല്ലോ
പച്ചക്കറികൾ
ചോരനിറത്തിൽ തക്കാളി
ചാരത്തങ്ങനെ ചെഞ്ചീര
പച്ചപ്പാവം പാവയ്ക്ക
പാമ്പുകണക്കെ പടവലവും
മഞ്ഞൾ പൂശിയ വെള്ളരികൾ
മണ്ണിലൊളിച്ച മരച്ചീനി
തണ്ടേറുന്ന പെരും ചേന
ചെണ്ടക്കോലും മുരിങ്ങക്കായ്
ഉണ്ടൊരു മത്തൻ പെരുവയറൻ
നീണ്ടൊരു വിരലോവെണ്ടയ്ക്ക

**ആദിത്യൻ പി ബി**







***Kite Zine***

# മിഠായി

ഞൊറിവാലുള്ളൊരു
പൊതിയാണേ........
ഇരുവാലുള്ളൊരു
പൊതിയാണേ......
മിനുമിനെമിന്നും
പൊതിയാണേ........
ചേലേറുന്നൊരു
പൊതിയാണേ........
കണ്ടാൽ ചെറിയൊരു
പൊതിയാണേ..........
നുണയാനൊത്തിരി
കൊതിയാണേ.........

**അഗ്നിവേശ് പി ബിജു**

